**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ശ്രീ. നജീം. വൈ, LDV ഡ്രൈവർ ഗ്രേഡ് II - കുരോപ്പട ഗ്രാമപഞ്ചായത്ത് - ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================

# തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(എം.എസ്) നം. 166/2016/തസ്വഭവ തീയതി, തിരുവനന്തപുരം 14.11.2016**

=====================================================

പരാമർശം: 1) സ.ഉ (സാധാ) നം. 3011/2015/തസ്വഭവ, തീയതി 03/10/2015.

2) ശ്രീ. നജീം. വൈ, LDV ഡ്രൈവർ ഗ്രേഡ് II ,കുരോപ്പട ഗ്രാമപഞ്ചായത്ത് (ചരുവിള വീട്, നെടുമ്പായിക്കുളം, കുണ്ടറ. പി.ഒ) സമർപ്പിച്ച നിവേദനം.

3) പഞ്ചായത്ത് ഡയറക്ടറുടെ 08.03.2016-ലെ ഇ 10- 44779/2014 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കോട്ടയം ജില്ലാ ആഫീസറുടെ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ കോട്ടയം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഉത്തരവ് പ്രകാരം ശ്രീ.നജീം.വൈ എന്നയാൾക്ക് കോട്ടയം ജില്ലയിലെ അയർക്കുന്നം ഗ്രാമ പഞ്ചായത്തിൽ LDV ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ നിയമന ഉത്തരവ് നൽകുകയും എന്നാൽ റാങ്ക് ലിസ്റ്റ് നിലവിൽ വന്നശേഷം അസുഖ ബാധിതനായ ടിയാന് ഡ്രൈവർ തസ്തികയിൽ ജോലി ചെയ്യുന്നതിനുള്ള ആരോഗ്യക്ഷമതയില്ലെന്ന് മെഡിക്കൽ ഓഫീസർ സർട്ടിഫൈ ചെയ്തതിനാൽ ടിയാനെ സേവനത്തിൽ പ്രവേശിപ്പിക്കുവാൻ സാധിച്ചില്ല എന്ന് പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാന്റെ കുടുംബത്തിന്റെ ദയനീയാവസ്ഥയും റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടശേഷം അസുഖബാധിതനായതിനാൽ ഡ്രൈവർ ജോലി ചെയ്യാൻ കഴിയാത്ത അവസ്ഥയും പരിഗണിച്ച് മറ്റേതെങ്കിലും തസ്തികയിലേയ്ക്ക് നിയമനം നൽകണമെന്ന ടിയാളുടെ അപേക്ഷയുടേയും പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശയുടേയും അടിസ്ഥാനത്തിൽ ശ്രീ.നജീം.വൈയ്ക്ക് ഒരു പ്രത്യേക കേസ്സായി പരിഗണിച്ച് ചട്ടങ്ങളിൽ ഇളവ് നൽകി ടിയാനെ കോട്ടയം ജില്ലയിൽ LDV ഡ്രൈവർ ഗ്രേഡ് II (18000-41500 രൂപ - പുതുക്കിയ സ്കെയിൽ) തസ്തികയിൽ പ്രവേശിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് പ്രത്യേകാനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ശ്രീ.നജീം.വൈയ്ക്ക് LDV ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ നിന്നും തസ്തികമാറ്റം അനുവദിക്കുന്നതിലേയ്ക്ക് ആവശ്യമായ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിക്കേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നതിനാൽ ശ്രീ.നജീം.വൈ-യുടെ പരാമർശം (2) പ്രകാരമുള്ള അപേക്ഷയും അനുബന്ധങ്ങളും പഞ്ചായത്ത് ഡയറക്ടർ ശുപാർശ ചെയ്ത് പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

**(മറുപുറം...)**

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഒരു പ്രത്യേക തസ്തികയിലേയ്ക്ക് നിയമിക്കപ്പെടാനുള്ള റാങ്ക് ലിസ്റ്റിൽ ഇടം പിടിക്കുകയും എന്നാൽ അതിനുശേഷം ടി തസ്തികയിലേയ്ക്ക് നിയമിക്കപ്പെടാനുള്ള ശാരീരിക ക്ഷമത നഷ്ടപ്പെടുകയും ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് തസ്തികമാറ്റ നിയമനം നല്കാനുതകുന്ന ചട്ടങ്ങളോ ഉത്തരവുകളോ വ്യവസ്ഥകളോ നിലവിലില്ല. മാനുഷിക പരിഗണന നൽകി തസ്തികമാറ്റം അനുവദിച്ചാൽ തന്നെ സമാനമായ തസ്തികയിലേയ്ക്കോ മറ്റേതെങ്കിലും താഴ്ന്ന തസ്തികയിലേയ്ക്കോ മാത്രമേ ടിയാൾക്ക് തസ്തികമാറ്റ നിയമനം അനുവദിക്കാനാവൂ. ഈ സാഹചര്യത്തിൽ പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ LDV ഡ്രൈവർ ഗ്രേഡ് II തസ്തികയിൽ (18000-41500) രൂപാ ശമ്പള സ്കെയിലിൽ (പുതുക്കിയ നിരക്ക്) നിയമനം ലഭിച്ച ശ്രീ. നജീം. വൈ എന്നയാൾക്ക് ഒരു പ്രത്യേക കേസായി പരിഗണിച്ച്, മാനുഷിക പരിഗണനനല്കി, ചട്ടങ്ങളിൽ ഇളവ് നൽകിയും 16500-35700 രൂപാ ശമ്പള സ്കെയിലിൽ (പുതുക്കിയ നിരക്ക്) ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് തസ്തികമാറ്റം അനുവദിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി കൊണ്ടും ശ്രീ. നജീം. വൈ-യുടെ LDV ഡ്രൈവർ ഗ്രേഡ് II തസ്തികയിലെ അടിസ്ഥാന ശമ്പളം ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന തീയതിയിൽ 16500-35700 രൂപാ ശമ്പള സ്കെയിലിൽ (പുതുക്കിയ നിരക്ക്) സംരക്ഷിച്ചു നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**റ്റി.കെ. ജോസ്**

പ്രിൻസിപ്പൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
പ്രിൻസിപ്പൽ എ.ജി.(എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
സെക്രട്ടറി, കുരോപ്പട ഗ്രാമ പഞ്ചായത്ത്, കോട്ടയം.
ശ്രീ. നജീം. വൈ, LDV ഡ്രൈവർ ഗ്രേഡ് II, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ്, കോട്ടയം (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖാന്തിരം)
ഡയറക്ടർ, ഐ.കെ.എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.( ഫയൽ നം. 42/ഇപിഎ 2/2016/തസ്വഭവ)

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ